# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3892.

15/12/2014 ൽ മറുപടിയ്ക്ക്

## പി.രാജേന്ദ്രന് എതിരായി വിജിലൻസ് സാമ്പത്തിക അഴിമതി കേസ്

ചോദ്യം
ശ്രീ.ബി.സത്യൻ

ഉത്തരം
ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ തിരുവനന്തപുരം ബ്രാഞ്ച് ഓഫീസ് മാനേജർ പി.രാജേന്ദ്രന് എതിരായി വിജിലൻസ് സാമ്പത്തിക അഴിമതി കേസ് എടുക്കകയുണ്ടായോ; | (എ) | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ തിരുവനന്തപുരം ബ്രാഞ്ച് ഓഫീസ് മാനേജർ ശ്രീ.പി.രാജേന്ദ്രന് എതിരായി വ്യാജരേഖകൾ ചമച്ച് കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും ലോൺ എടുത്തത് സംബന്ധിച്ച് 12/01/2010 ൽ ഒരു വിജിലൻസ് കേസ് (വി.സി.01/2010/റ്റി.വി.എം.) രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയുണ്ടായി |

| | | | |
|---|---|---|---|
| (ബി) | എങ്കിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് ചാർജ് ചെയ്തതെന്നും വിജിലൻസ് കേസ് നമ്പറും കോടതിയിലെ കേസിന്റെ ഫയൽ നമ്പർ സഹിതം വിവരം ലഭ്യമാക്കാമോ; | (ബി) | 1988 ലെ അഴിമതി നിരോധന നിയമത്തിലെ 13(2), 13(1) (ഡി), ഇന്ത്യൻ ശിക്ഷാനിയമം 468, 471, 420, 34 എന്നീ വകുപ്പുകൾ പ്രകാരമാണ് വിജിലൻസ് കേസ് (വി.സി.01/2010/റ്റി.വി.എം.) രജിസ്റ്റർ ചെയ്തത്. പ്രസ്തുത കേസിൽ ഒന്നാം പ്രതിയ്ക്കെതിരെ വകുപ്പുതല നടപടിയും രണ്ടും മൂന്നും പ്രതികൾക്കെതിരെ തിരുവനന്തപുരം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ സി.സി. 74/2012 ആയി 26.02.2011- ന് കുറ്റപത്രം സമർപ്പിക്കുകയും ആയവ വിചാരണ യിലും ആണ്. |
| (സി) | ടിയാനെതിരെ പ്രസ്തുത കേസ് അല്ലാതെ മറ്റേതെങ്കിലും വിജിലൻസ് കേസ് നിലവിലു ണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (സി) | വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ ടിയാനെതിരെ മറ്റു കേസുകൾ ഒന്നും നിലവിലില്ല. |

| | | | |
|---|---|---|---|
| (ഡി) | മേൽപ്പറഞ്ഞ കേസുമായി ബന്ധപ്പെട്ട് ടിയാനെതിരെ ഡിപ്പാർട്ടുമെന്റ് നടപടി വിജിലൻസ് ആവശ്യപ്പെട്ടിരുന്നോ; | (ഡി)<br>&<br>(ഇ) | പ്രസ്തുതകേസിൽ ഒന്നാം പ്രതിയായ ശ്രീ.പി.രാജേന്ദ്രനെതിരെ വകുപ്പുതല അച്ചടക്ക നടപടിക്ക് ശുപാർശ ചെയ്ത് വസ്തുതാ റിപ്പോർട്ട് സർക്കാരിൽ ലഭിക്കുകയും, ശുപാർശ അംഗീകരിച്ച് 03/09/2011 ലെ 8131/ഡി1/2011/വിജി നമ്പർ എന്ന സർക്കാർ കത്തുപ്രകാരം ശ്രീ.പി.രാജേന്ദ്രനെതിരെ അച്ചടക്ക നടപടി എടുക്കാൻ ധനകാര്യ വകുപ്പിന് ശുപാർശ നൽകുകയും ചെയ്തിരുന്നു. അതിൻപ്രകാരം കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ടിയാനെതിരെ അച്ചടക്ക നടപടി 'താക്കീത്' 'നൽകി തീർപ്പാക്കിയിട്ടുണ്ട്. |
| (ഇ) | എങ്കിൽ ടിയാനെതിരെ നടപടി സ്വീകരിക്കാതെ സംരക്ഷണം നൽകുന്ന കെ.എഫ്.സി.യുടെ എച്ച്.ആർ.ഡിപ്പാർട്ടുമെന്റിന് എതിരെ നടപടി സ്വീകരിക്കുമോ; | | |
| (എഫ്) | ടിയാനെ ജോലിയിൽ നിന്നും മാറ്റി നിർത്താതെ അന്വേഷണം നടത്തുന്നത് ഫലപ്രദമായ കേസന്വേഷണത്തെ ബാധിക്കും എന്ന കാര്യം ശ്രദ്ധിക്കുമോ; | (എഫ്)<br>&<br>(ജി) | അന്വേഷണം പൂർത്തിയാക്കി വസ്തുതാ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചതിനാൽ ചോദ്യം ഉദിക്കുന്നില്ല. |
| (ജി) | എങ്കിൽ ടിയാനെ പ്രസ്തുത സ്ഥാനത്തുനിന്നും മാറ്റി നിർത്താൻ നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**